(ഡി) ഇതിന്റെ ഫലമായി പുതുതായി എത്രപേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളിലും എന്തു തുക വീതം നീക്കിവച്ചു എന്നും ഇതിൽ എന്തു തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ, ബി, സി) തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണുവാൻവേണ്ടി കൂടുതൽ തൊഴിൽ അവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുവാൻ പര്യാപ്തമായ നൂതന തൊഴിൽ വ്യവസായ നയങ്ങൾക്ക് ഈ സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടുതൽ നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുവാൻവേണ്ടി ഈ നയങ്ങൾക്ക് അനുസൃതമായി കാര്യപരിപാടികൾ ആവിഷ്ക്കരിച്ച് സർക്കാർ മുന്നോട്ട് നീങ്ങുകയാണ്.

കൂടാതെ മറ്റ് തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുവാൻവേണ്ടി സർക്കാർ വ്യവസായം, കൃഷി, ഗ്രാമവികസനം എന്നീ മേഖലകളിൽ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കുടുംബശ്രീ മുതലായ സംരംഭങ്ങൾവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോടൊപ്പം എംപ്ലോയ്മെന്റ് വകുപ്പ് നടത്തിവരുന്ന സ്വയംതൊഴിൽ പദ്ധതിയായ 'കെസ്റു' (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്ട്രേഡ് അൺ എംപ്ലോയ്ഡ്) കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻവേണ്ടി നവീകരിക്കുന്നതാണ്.

(ഡി) കഴിഞ്ഞ മൂന്നുവർഷത്തെ പ്രയത്നഫലമായി പൊതുമേഖലയിലും സ്വകാര്യ മേഖലയിലും എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്ന് കൃത്യമായി നിജപ്പെടുത്തിയിട്ടില്ല.

(ഇ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്വയം തൊഴിൽ പദ്ധതിക്കായി (കെസ്റു) 2002-2003 സാമ്പത്തിക വർഷത്തിൽ 99 ലക്ഷം രൂപയും 2003-2004 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയും 2004-2005 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. അതിൽ 'കെസ്റു' പദ്ധതി പ്രകാരം വായ്പ ലഭിച്ച ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനായി 2002-2003-ൽ 29,59,470 രൂപയും 2003-2004-ൽ 23,33,939 രൂപയും ചെലവഴിച്ചു. 2004-2005-ൽ സബ്സിഡി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്ന തൊഴിലുടമകളിൽ നിന്നും അവരെ മോചിപ്പിക്കുന്നതിന് നടപടി

*9 [99] ശ്രീ. കളത്തിൽ അബ്ദുള്ള:
" സി. ടി. അഹമ്മദ് അലി:
" യു. സി. രാമൻ:
" പി. കെ. കെ. ബാവ:
" കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാല് വയസ്സിനുതാഴെയുള്ള കുട്ടികളെക്കൊണ്ട് നിർബന്ധിച്ചു പണിയെടുപ്പിക്കുകയും ചൂഷണം നടത്തുകയും ചെയ്യുന്ന തൊഴിലുടമകളിൽ നിന്നും അവരെ മോചിപ്പിക്കാൻ എന്തെല്ലാം നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃാന്റീനുകളിലും റെസ്റ്റോറന്റുകളിലും അപകടകരമായ പടക്ക ഫാക്ടറികളിലും ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന എത്ര കുട്ടികളെ മോചിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഇങ്ങനെ മോചിപ്പിക്കപ്പെട്ട കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ;

(ഡി) എങ്കിൽ എത്രപേർക്ക് ഇപ്രകാരം വിദ്യാഭ്യാസം നൽകാൻ നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെകൊണ്ട് 'കഠിന പ്രയത്നം' ആവശ്യമുള്ള ചില ജോലി ചെയ്യിക്കുന്നത് 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. എന്നാൽ കഠിനപ്രയത്നം ആവശ്യമില്ലാത്ത ജോലികൾ ചില വ്യവസ്ഥകൾക്ക് വിധേയമായി ചെയ്യിക്കുന്നത് മേൽ സൂചിപ്പിച്ച നിയമത്തിലെ വ്യവസ്ഥകൾപ്രകാരം ശിക്ഷാർഹമല്ല. ഇതു സംബന്ധമായി സംസ്ഥാന സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് മുഖേന സമഗ്രമായ ഒരു സർവെ സംസ്ഥാനം ഒട്ടാകെ നടത്തിക്കഴിഞ്ഞിട്ടുണ്ട്. രണ്ടു ലക്ഷത്തിലേറെ സ്ഥാപനങ്ങൾ അപ്രകാരം പശോധിച്ചുവരുന്നു. കുട്ടികളെക്കൊണ്ട് നിർബന്ധിച്ച് ജോലി ചെയ്യിക്കുന്നതായി അധികം കേസുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നാണറിയുന്നത്. ചുരുക്കം ചിലയിടങ്ങളിൽ മാത്രം നാമമാത്രമായി മാത്രമെ ബാലവേല ഉള്ളൂ എന്നാണ് കണ്ടെത്തിയിട്ടുള്ളത്. അപകടസാദ്ധ്യതയുള്ള സ്വഭാവത്തോടുകൂടിയതും നിയമംമൂലം നിരോധിച്ചതുമായ തൊഴിലുകളിലും പ്രവർത്തികളിലും നിന്ന് മോചിപ്പിച്ച കുട്ടികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി ഒരു സംസ്ഥാന കൗൺസിൽ രൂപീകരിക്കുന്നതിന് വേണ്ടിയുള്ള നിയമനിർമ്മാണം എത്രയുംപെട്ടെന്ന് കൊണ്ടുവരുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കൃാന്റീനുകളിലും റെസ്റ്റോറന്റുകളിലും 14 വയസ്സിനുതാഴെ മാത്രം പ്രായമുള്ള കുട്ടികളെക്കൊണ്ട് ചില വ്യവസ്ഥകൾക്ക് വിധേയമായി ജോലി ചെയ്യിക്കുന്നത് നിലവിലുള്ള നിയമപ്രകാരം ശിക്ഷാർഹമല്ല. കേരളത്തിലെ പടക്ക ഫാക്ടറികളിൽ കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നതായി ഇപ്പോൾ റിപ്പോർട്ടുകൾ ഇല്ല. അത്തരം കേസുകൾ ശ്രദ്ധയിൽപ്പെടുമ്പോൾ നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പരിശോധന ഊർജ്ജിതമായി നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അപകടകരമായ തൊഴിലുകളിൽ നിന്ന് മോചിപ്പിക്കപ്പെടുന്ന കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നൽകുന്നതിന് 10-12-1996-ലെ സുപ്രീം കോടതി വിധിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്പോൾ പൂർത്തിയായ സർവെയുടെ റിപ്പോർട്ടിന്റെയും സർക്കാർ കൊണ്ടുവരുന്ന നിയമനിർമ്മാണത്തിന്റെയും അടിസ്ഥാനത്തിൽ ഉചിതമായ പുനരധിവാസ നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 10-12-1996-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പണിയെടുക്കുന്ന കുട്ടികൾക്ക് തൊഴിലുടമകളുടെ സഹകരണത്തോടെ വിദ്യാഭ്യാസം നൽകുന്നതിന് ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. ഇതിന്റെ ചുമതല സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനാണ്. ഈ ആവശ്യത്തിനായി തൊഴിൽ വകുപ്പ് 15 ലക്ഷം രൂപ വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്.

സഹകരണ ബാങ്കുകളിലെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ

*10 [100] ശ്രീ. ടി. എൻ. പ്രതാപൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, തമ്പാനൂർ രവി:
,, കെ. സി. ജോസഫ്:
,, അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ എത്രയാണ്;

(ബി) സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തന മൂലധനം, ഡെപ്പോസിറ്റ് എന്നിവയുടെ എത്ര ശതമാനം ഇക്കഴിഞ്ഞ സഹകരണ വർഷത്തിൽ വായ്പയായി നൽകി;

(സി) ജില്ലാ സഹകരണ ബാങ്കുകൾ നൽകുന്ന വായ്പത്തുക വർദ്ധിപ്പിച്ച് അവയുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് അനുപാതം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ)

സംസ്ഥാന സഹകരണ ബാങ്ക്	46%
തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്	77%
കൊല്ലം ജില്ലാ സഹകരണ ബാങ്ക്	81.26%
ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്	72%
കോട്ടയം ജില്ലാ സഹകരണ ബാങ്ക്	59.47%
പത്തനതിട്ട ജില്ലാ സഹകരണ ബാങ്ക്	48.60%
ഇടുക്കി ജില്ലാ സഹകരണ ബാങ്ക്	83.77%
എറണാകുളം ജില്ലാ സഹകരണ ബാങ്ക്	57%
തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്	46%
പാലക്കാട് ജില്ലാ സഹകരണ ബാങ്ക്	71%
മലപ്പുറം ജില്ലാ സഹകരണ ബാങ്ക്	33%
കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്	65.96%
വയനാട് ജില്ലാ സഹകരണ ബാങ്ക്	81%
കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്	95.7%
കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്	81%

LIBRARY ARCHIVES Kerala Legislative Assembly